കലാമണ്ഡലത്തിലെ സർട്ടിഫിക്കറിന് ഏതു തരത്തിലുള്ള വിലയാണ് നൽകേണ്ടതെന്നുള്ളതിനെക്കുറിച്ച് തീർച്ചയായും പരിശോധിക്കാം. പക്ഷേ ആ സർട്ടിഫിക്കറ്റുകൊണ്ട് അവർ ഉദ്ദേശിക്കുന്നത് തൊഴിൽ. ഉണ്ടാകണമെന്നാണ്. അത് ഉണ്ടാകുന്നില്ലെന്നുള്ളതാണ് പറയുന്നത്. തൊഴിൽ കൊടുക്കാൻ സാധിക്കുന്ന കാര്യത്തെക്കുറിച്ച് അവരുമായി ഞാൻതന്നെ സംസാരിച്ചു. ഇവിടെ വിദ്യാഭ്യാസ വകുപ്പിൽ കഥകളിയുടെ മുദ്രകൊ ആളുകൊക്ക് മനസ്സിലാക്കി അതിനെ / ജനകീയ കല എന്ന നിലയിൽ അനുഭവപ്പെടുത്താൻ സാധിക്കുമോ എന്നു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പണിമുടക്കിന്റെ കാരണങ്ങളിൽ ഒന്ന് പരീക്ഷ എഴുതില്ല എന്നുള്ളതാണ്. സർട്ടിഫിക്കറിന് വിലയില്ലാത്തതുകൊണ്ട് പരീക്ഷ എഴുതുകയില്ല എന്ന ഒരു നിലപാട് സ്വീകരിക്കാൻ പാടില്ല. കലാമണ്ഡലംപോലെയുള്ള ഒരു സ്ഥാപനം വളരെ അച്ചടക്കത്തോടുകൂടി സമാധാനപരമായ അന്തരീക്ഷത്തിൽ കല അഭ്യസിക്കേണ്ട ഒന്നാണ്. അവിടെ ഞങ്ങൊ പരീക്ഷ എഴുതുകയില്ല എന്നു പറയുന്നത് അംഗീകരിക്കുവാൻ പ്രയാസമാണ്. ഏതായാലും സമാധാനപരമായ ഒരു അന്തരീക്ഷം ഉണ്ടാകുന്നതിനു വേണ്ടി വിദ്യാർത്ഥികളെ ഉപദേശിക്കണമെന്നു രക്ഷിതാക്കൻമാരെ അറിയിക്കുകയും കഴിഞ്ഞ പത്താം തീയതി മുതൽ ക്ലാസ് ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തു. ആ ദിവസം പഠിക്കുന്നതിനു പകരം പിന്നേയും അവർ ബഹളം ഉണ്ടാക്കി. രക്ഷിതാക്കൻമാരെ കൂടി വിളിച്ചുവരുത്തി പരിഹാരമുണ്ടാക്കാൻവേണ്ടി അവിടത്തെ ചെയർമാനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. കലാമണ്ഡലത്തിന്റെ പരിപാവനമായ അന്തരീക്ഷം, മഹാകവി വള്ളത്തോൾ വളരെയധികം ത്യാഗപൂർണ്ണമായി പടുത്തുയർത്തിയ ആ സ്ഥാപനം നശിപ്പിക്കാതിരിക്കുന്നതിനുമാത്രമല്ല അതിനെ പരിരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൊ ഗവൺമെൻറ് സ്വീകരിക്കും.

(5) ഏലക്കായ് തമിഴ് നാട്ടിലേക്കു കടത്തിക്കൊണ്ടു പോകുന്നതു മൂലം സംസ്ഥാനത്തിനുണ്ടാകാവുന്ന നികുതി നഷ്ടം

ശ്രീ. കെ.കെ. തോമസ്: നമ്മുടെ സംസ്ഥാനത്ത് ഇടുക്കി ജില്ലയിൽ മൊത്തം ഉൽപ്പാദിപ്പിക്കപ്പെടുന്ന ഏലക്കായുടെ എഴുപത്തഞ്ചു ശതമാനം തമിഴ്നാട്ടിലേക്ക് കള്ളക്കടത്തായി പോകുകയാണ്. ഇതുമൂലം കുമളി, വണ്ടൻമേട്, കട്ടപ്പന, നെടുങ്കണ്ടം, ശാന്തമ്പാറ തുടങ്ങിയ കമ്പോളങ്ങളിൽ ഏലക്കാ വ്യാപാരം പൂർണ്ണമായി സ്തംഭിച്ചിരിക്കുകയാണ്. അതുമൂലം ഗവൺമെൻറിന് വൻതോതിൽ നികുതി ലഭിക്കാതെവരുന്നു. അതിന്റെ കാരണം തമിഴ് നാട്ടിലേയും കേരളത്തിലേയും ഏലക്കായുടെ നികുതി തമ്മിൽ ഉള്ള വ്യത്യാസമാണ്. മോട്ടോർ സ്പെയർ പാർട്ടിന് ചേയിസ്സസിന് ഒക്കെ പോണ്ടിച്ചേരി തുടങ്ങിയ സംസ്ഥാനങ്ങളുമായി നികുതി ഏകീകരിച്ചതുപോലെ ഏലത്തിന് തമിഴ്നാട്ടിലേയും കേരളത്തിലേയും നികുതി ഏകീകരിക്കുന്നതിനുള്ള നടപടി ഗവൺമെൻറ് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതോടൊപ്പം ചെറുകിട കർഷകർ, ഒരേക്കറും ഒന്നരയേക്കറും ഏലക്കൃഷിയുള്ള പതിനായിരക്കണക്കിനു കൃഷിക്കാരുണ്ട്. അവർക്ക് സ്വതന്ത്രമായി കമ്പോളങ്ങളിൽ ഇറങ്ങാൻ പാടില്ലെന്ന സ്ഥിതിയുണ്ട്. സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാരും, എക്സൈസ് ഉദ്യോഗസ്ഥൻമാരും, അതുപോലെതന്നെ പോലീസുകാരും അവരെ നിരന്തരമായി പീഡിപ്പിച്ചുകൊണ്ടിരിക്കുന്നതിന്റെ ഫലമായി

LIBRARY ARCHIVES Kerala Legislative Assembly

അതാതു സ്ഥലങ്ങളിലെതന്നെ കൈവിലക്കാർക്ക് അവർ ഉൽപ്പാദിപ്പിക്കുന്ന ഏലക്കാ വിൽക്കുന്നു. കൈവിലയ്ക്ക് വാങ്ങുന്നവർ കള്ളക്കടത്തായി കൊണ്ടുപോകുന്നു. ഇന്നു നിലവിലുള്ള നിയമം അനുസരിച്ച് എല്ലാ ബോർഡുകളിലും കള്ളക്കടത്തു തടയുന്നതിനുള്ള നടപടികളും സ്വീകരിക്കണം. അതുപോലെതന്നെ തടി കൊണ്ടുപോകുന്ന വാഹനങ്ങളും കസ്റ്റഡിയിൽ എടുക്കുന്നതുപോലെ ഏലയ്ക്കാ കള്ളക്കടത്തു നടത്തുന്ന വാഹനങ്ങളും കസ്റ്റഡിയിൽ എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഏലയ്ക്കാ കള്ളക്കടത്തു നടത്തുന്നതു കണ്ടില്ലെന്നു നടിക്കുകയാണെങ്കിൽ ഇടുക്കി ജില്ലയിലെ ഏലയ്ക്കാ ഉൽപ്പാദന രംഗത്തും അതുപോലെ വ്യാപാര രംഗത്തും വലിയ സ്തംഭനം ഉണ്ടാകും. ഏലയ്ക്കാ ഉൽപ്പാദകരെയും തൊഴിലാളികളെയും തകർക്കുകയും ഗവൺമെന്റിനു വമ്പിച്ച സാമ്പത്തിക നഷ്ടം ഉണ്ടാകുകയും ചെയ്യും. ഇതെല്ലാം കണക്കിലെടുത്ത് ഏലയ്ക്കാ കള്ളക്കടത്തു തടയുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി): ബഹുമാനപ്പെട്ട കെ.കെ. തോമസ് ഇവിടെ ആശങ്ക പ്രകടിപ്പിച്ചതുപോലെ വൻതോതിൽ ഏലയ്ക്കാ ഇവിടെനിന്നും തമിഴ്നാട്ടിലേക്ക് കള്ളക്കടത്തു പോകുന്നു എന്ന് എനിക്ക് അഭിപ്രായമില്ല. കാരണം ഇപ്പോൾ സീസൺ ആരംഭിച്ചിട്ടേയുള്ളു. മാത്രമല്ല ലേലകേന്ദ്രങ്ങളിലേക്ക് ഏലയ്ക്കാ എത്തിക്കൊണ്ടിരിക്കുന്നതേയുള്ളു. ഇവിടെ ബഹുമാനപ്പെട്ട തോമസ് സൂചിപ്പിച്ചതുപോലെ നികുതി തമ്മിലുള്ള അന്തരം ഉള്ളതുകൊണ്ട് കള്ളക്കടത്തിന്, അവിടേയും ഇവിടേയും തലച്ചുമടുകളിൽ ഉൾവഴികളിലൂടെ കൊണ്ടുപോകുന്നതിനുള്ള പ്രേരണയ്ക്കും സാദ്ധ്യത ഇല്ലാതില്ല. ഇവിടെ അഞ്ചുശതമാനമാണ് നികുതി. ആ അഞ്ചു ശതമാനം നികുതിക്കു പുറമെ നികുതിയുടെ 20 ശതമാനം അഡീഷണൽ വിൽപ്പന നികുതിയും അതിനു പുറമെ എട്ടുശതമാനം സർച്ചാർജ്ജും കൊടുക്കേണ്ടതായിട്ടുണ്ട്. തമിഴ്നാട്ടിൽ മൂന്നു ശതമാനം മാത്രമാണ് നികുതി. അതുകൊണ്ട് പലപ്പോഴും കള്ളക്കടത്തിനുള്ള പ്രേരണയ്ക്കുള്ള സാദ്ധ്യതയുണ്ട്. എങ്കിലും ഗവൺമെന്റ് ആ കാര്യങ്ങളും മനസ്സിലാക്കിക്കൊണ്ട് കള്ളക്കടത്തു തടയുന്നതിനാവശ്യമായ സംവിധാനം കാലാകാലങ്ങളിൽ ഏർപ്പെടുത്തുന്നുണ്ട്. ഇപ്പോഴുതന്നെ സ്പെഷ്യൽ സ്ക്വാഡ് ഉണ്ട്. ക്രോപ് സീസൺ ആരംഭിച്ചതോടുകൂടി ഒരു സ്പെഷ്യൽ സ്ക്വാഡിനു പുറമെ നാലു സ്പെഷ്യൽ സ്ക്വാഡുകളെക്കൂടി ഏർപ്പെടുത്താനുള്ള നടപടികളും സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഒരു സ്പെഷ്യൽ സ്ക്വാഡിൽ ഒരു സെയിൽസ് ടാക്സ് ഓഫീസർ, രണ്ട് ഇൻസ്പെക്ടർമാർ, അതുപോലെ തന്നെ ഒരു പോലീസ് പാർട്ടിയും ഉണ്ട്. അങ്ങനെ അഞ്ചു സ്പെഷ്യൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നതിന്റെ ഫലമായി കള്ളക്കടത്തിനുള്ള ശ്രമങ്ങളും അവിടെ ഉണ്ടെങ്കിൽ അതു തടയുന്നതിനു കഴിയുമെന്ന ആത്മവിശ്വാസം എനിക്കുണ്ട്. അതിനുപുറമെ കുമളി, കമ്പൻമേട്, ബോഡിമേഡ് എന്നീ മൂന്നു ചെക്ക് പോസ്റ്റുകളിൽ സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിലെ ഉയർന്ന ഓഫീസർമാരെ നിയോഗിച്ച് ചെക്ക്പോസ്റ്റുകളിൽകൂടിയുള്ള കള്ളക്കടത്തു നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇപ്പോഴും വളരെ ശക്തമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ആശങ്കയ്ക്ക് കാര്യമില്ല. വൻതോതിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

വെട്ടിപ്പ് ഇല്ല. ചെറിയ തോതിലുള്ള വെട്ടിപ്പിനുള്ള ശ്രമങ്ങൾ എവിടെയെങ്കിലും ഉണ്ടെങ്കിൽ അതു തടയുന്നതിന് ഫലപ്രദമായി കഴിയും എന്നു പറയുകയാണ്. അതോടൊപ്പം ശ്രീ. കെ.കെ. തോമസ് ഒരു ആവശ്യംകൂടി വയ്ക്കുകയുണ്ടായി. ഈ നടപടി സ്വീകരിക്കുമ്പോൾ കമ്പോളങ്ങളിൽ വിൽപ്പനയ്ക്കുകൊണ്ടു പോകുന്ന ചെറുകിട കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാകാൻ പാടില്ലെന്ന്. ഒരുവശത്ത് നിയന്ത്രണം ശക്തിപ്പെടുത്തണം മറുവശത്ത് കർഷകർ കമ്പോളത്തിൽ ഏലയ്ക്കാ വില്പനയ്ക്കു ശ്രമിക്കുമ്പോൾ പിടിക്കരുത്. അല്ലെങ്കിൽ ഹരാസ്മെന്റ് ഉണ്ടാകരുത്. ഇതു വളരെ ശ്രമകരമായ ജോലിയാണ്. ഹരാസ്മെന്റ് ഉണ്ടാകാതെ കള്ളക്കടത്തു നിയന്ത്രിക്കുക എന്നാണ് പറയുന്നത്. ഏതായാലും ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാകാതെ ഇതു ചെയ്തുതീർക്കാൻ കഴിയും എന്നു വിശ്വസിക്കുന്നു. അതുകൊണ്ട് ഈ കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് ആത്മാർത്ഥമായി പ്രവർത്തിക്കുന്നതാണ് എന്നു ഞാൻ വ്യക്തമാക്കുകയാണ്.

(6) പാണ്ടിക്കോട് പരവർ കണ്ടി ഉമ്മർ എന്ന വൃദ്ധനെ കൊല ചെയ്ത സംഭവം സംബന്ധിച്ച്.

ശ്രീ. എ.കെ. പത്മനാഭൻ: എന്റെ നിയോജകമണ്ഡലത്തിൽ പെട്ട പാണ്ടിക്കോട് പ്രദേശത്ത് കഴിഞ്ഞ ആറാം തീയതി അർദ്ധരാത്രി പർവർകണ്ടി ഉമ്മർ എന്നു പറയുന്ന വൃദ്ധനെ ആരോ ചിലർ കൊലപ്പെടുത്തി. ഇതുവരെ പ്രതികളെ കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടില്ല. ആ പോലീസ് സർക്കിളിൽ തന്നെ മറ്റൊരു കൊലപാതകം നടന്നിട്ട് അഞ്ചാറു മാസമായിട്ടും ഇതുവരെ പ്രതികളെ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. കോഴിക്കോട് ജില്ലയിൽ തെളിയിക്കപ്പെടാത്ത കൊലപാതകങ്ങളുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഈ കൊലപാതകത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ശക്തികളെ കണ്ടുപിടിക്കാനാവശ്യമായ അടിയന്തിര നടപടികൾ എടുക്കണമെന്നു ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തര വകുപ്പു മന്ത്രി (ശ്രീ. വയലാർ രവി): ഉമ്മറിനെ അർദ്ധരാത്രിയോടുകൂടിയാണ് കൊലപ്പെടുത്തിയത്. ഉമ്മറിന്റെ നിലവിളി കേട്ട് അടുത്ത വീട്ടിൽനിന്നും ഭാര്യയും മക്കളും ഓടിയെത്തിയെങ്കിലും പ്രതികൾ ആരാണെന്നു തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. ഇതു റൂറൽ എസ്.പി. യുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ അന്വേഷണം നടത്തിയെങ്കിലും ഒരു തുമ്പും കിട്ടാത്തതുകൊണ്ട് ഫ്രെഷ് ബാച്ച് ഏറെറടുക്കാനുള്ള നടപടി നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രതി ആരെന്ന് കണ്ടെത്താൻ അന്വേഷണം ഊർജ്ജിതമായി നടത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(7) മാനന്തവാടി ട്രാൻസ്പോർട്ട് ഗ്യാരേജ്

ശ്രീ. കെ. രാഘവൻ മാസ്റ്റർ: വയനാടിനെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ പരിപൂർണ്ണമായി ദേശവൽക്കരിച്ച ഒരു മേഖലയാണ്. വയനാട്ടിൽ വളരെയധികം യാത്രാക്ലേശം ഉണ്ടെന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതാണ്. മാനന്തവാടിയിൽ 1982-ൽ തറക്കല്ലിട്ടിട്ടുള്ള ഗ്യാരേജിന്റെ പണി ഇതുവരെയും പൂർത്തിയായി

LIBRARY ARCHIVES Kerala Legislative Assembly